"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് - 2025-26 സാമ്പത്തിക വർഷത്തെ റിക്കറിംഗ് ഗ്രാന്റിന്റെ ഒന്നാം ഗഡു റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.312/2025/TSM തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:-

1. 09.12.2008 ലെ സർക്കുലർ നം.84/2008/ധന.
2. 29.08.2009 ലെ സർക്കുലർ നം.75/2009/ധന.
3. 31.01.2018 ലെ സർക്കുലർ നം.08/2018/ധന.
4. 09.01.2020 ലെ സ.ഉ.(കൈ) നം.4/2020/ധന.
5. 04.01.2021 ലെ സർക്കുലർ നം. 01/2021/ധന.
6. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 26-04-2025 തീയതിയിലെ DOT/7866/2023-HB4 നമ്പർ കത്ത്.

**ഉത്തരവ്**

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷത്തെ ഗ്രാന്റിന്റെ ഒന്നാം ഗഡുവായ ₹81,12,333/- രൂപ (എൺപത്തി ഒന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) റിലീസ് ചെയ്യണമെന്ന് പരാമർശം (6) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ "3452-80-003-96-00-31" ഗ്രാന്റ് ഇൻ എയ്ഡ് - ജനറൽ സാലറി (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകവരുത്തിയിട്ടുള്ള ₹2,43,37,000/- രൂപയിൽ നിന്നും ഒന്നാം ഗഡുവായി ₹48,67,400/- രൂപ (നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തിഏഴായിരത്തി നാനൂറ് രൂപ) ചുവടെ പറയുന്നവയടക്കം നിലവിലുള്ള സാധാരണ ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്യുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഫണ്ട് ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.
2. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. യാതൊരു കാരണവശാലും വക മാറ്റി ചെലവഴിക്കാൻ പാടില്ല.
3. പരാമർശം (4) ൽ നിഷ്കർഷിക്കും പ്രകാരമുള്ള ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പെർഫോർമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും അടുത്ത റിലീസിനുള്ള

അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. പരാമർശം (1), (2), (3) & (5) എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ഡയറക്ടർ, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് , വെള്ളയമ്പലം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (3144518/ PU-B2/44/2025-FIN dated 23.05.2025)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 29-05-2025 17:17:31
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്